# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2021 തീയ്യതി: 23/12/2021

## കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-02-2020 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു. പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 23-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 23-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വനജ മാടത്താങ്കണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. രാജൻ. കെ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. പ്രദീപൻ. എൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 02-04-2019 |
| ശ്രീമതി. ഷംന. കെ. വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-04-2019 | 23-04-2019 |
| ശ്രീ. അനിൽകുമാർ. എൻ. | സെക്രട്ടറി | 24-04-2019 | 24-04-2019 |
| ശ്രീ. പ്രദീപൻ. എൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-04-2019 | 05-05-2019 |
| ശ്രീ. അനിൽകുമാർ. എൻ. | സെക്രട്ടറി | 06-05-2019 | 21-12-2019 |
| ശ്രീ. രതീഷ് കുമാർ. ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-12-2019 | 31-12-2019 |
| ശ്രീ. അനിൽകുമാർ. എൻ. | സെക്രട്ടറി | 01-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രദീപൻ. എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 02-04-2019 |
| ശ്രീമതി. ഷംന. കെ. വി | അസിസ്റ്റന്റ് സെക്രട്ടറി | 03-04-2019 | 24-04-2019 |
| ശ്രീ. പ്രദീപൻ. എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 25-04-2019 | 17-07-2019 |
| ശ്രീമതി. ഷംന. കെ. വി | അസിസ്റ്റന്റ് സെക്രട്ടറി | 18-07-2019 | 25-07-2019 |
| ശ്രീ. രതീഷ് കുമാർ. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 26-07-2019 | 01-01-2020 |
| ശ്രീമതി. ഷംന. കെ. വി | അസിസ്റ്റന്റ് സെക്രട്ടറി | 02-01-2020 | 31-03-2020 |
| ശ്രീ. ധർമ്മരാജൻ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സ്മിത. കെ.ഒ. | കൃഷി ഓഫീസർ | 01-04-2019 | 15-12-2019 |
| ഡോ. ജസ്ന മരിയ. പി. | കൃഷി ഓഫീസർ | 16-12-2019 | 19-01-2020 |
| ശ്രീമതി. സ്മിത. കെ.ഒ. | കൃഷി ഓഫീസർ | 20-01-2020 | 31-03-2020 |
| ശ്രീമതി. സുസ്മിത. പി. | വി.ഇ.ഒ. കീഴല്ലൂർ | 01-04-2019 | 20-05-2019 |
| ശ്രീ. ഷാജി. പി. കെ. | വി.ഇ.ഒ. കീഴല്ലൂർ | 21-05-2019 | 12-06-2019 |
| ശ്രീമതി. രേഷ്മ രവീന്ദ്രൻ | വി.ഇ.ഒ. കീഴല്ലൂർ | 13-06-2019 | 24-06-2019 |
| ശ്രീ. വിനീഷ് വർഗീസ്. | വി.ഇ.ഒ. കീഴല്ലൂർ | 25-06-2019 | 04-07-2019 |
| ശ്രീ. ഷാജി. കെ. പി. | വി.ഇ.ഒ. കീഴല്ലൂർ | 05-07-2019 | 22-07-2019 |
| ശ്രീ. ഷിന്റോ ജോസഫ് | വി.ഇ.ഒ. കീഴല്ലൂർ | 23-07-2019 | 04-08-2019 |
| ശ്രീ. അനീഷ്. കെ. | വി.ഇ.ഒ. കീഴല്ലൂർ | 05-08-2019 | 27-10-2019 |
| ശ്രീ. വിജിൽ .വി | വി.ഇ.ഒ. കീഴല്ലൂർ | 28-10-2019 | 31-03-2020 |
| ശ്രീമതി. സുസ്മിത. പി. | വി.ഇ.ഒ. എടയന്നൂർ | 01-04-2019 | 24-04-2019 |
| ശ്രീ. ഷാജി. പി. കെ. | വി.ഇ.ഒ. എടയന്നൂർ | 25-04-2019 | 13-06-2019 |
| ശ്രീമതി. രേഷ്മ രവീന്ദ്രൻ | വി.ഇ.ഒ. എടയന്നൂർ | 14-06-2019 | 25-06-2019 |

| | | | |
|---|---|---|---|
| ശ്രീ. വിനീഷ് വർഗ്ഗീസ് | വി.ഇ.ഒ. എടയന്നൂർ | 26-06-2019 | 05-07-2019 |
| ശ്രീ. ഷാജി. കെ. പി. | വി.ഇ.ഒ. എടയന്നൂർ | 06-07-2019 | 23-07-2019 |
| ശ്രീ. ഷിന്റോ ജോസഫ് | വി.ഇ.ഒ. എടയന്നൂർ | 24-07-2019 | 15-08-2019 |
| ശ്രീമതി. പ്രീയജ. സി. കെ. | വി.ഇ.ഒ. എടയന്നൂർ | 16-08-2019 | 31-03-2020 |
| ഡോ. സ്മിജ. എ. പി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. അമുദ. എം | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. നിർമ്മൽ ചാക്കോ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. ഹരീന്ദ്രൻ. കെ.പി. | ഹെഡ് മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീമതി. അനിത. സി.പി. | ഹെഡ് മാസ്റ്റർ | 01-06-2019 | 15-07-2019 |
| ശ്രീ. ഹരീന്ദ്രൻ. കെ.പി. | ഹെഡ് മാസ്റ്റർ | 16-07-2019 | 17-07-2019 |
| ശ്രീ. ശ്രീകുമാർ. ജി | ഹെഡ് മാസ്റ്റർ | 18-07-2019 | 31-03-2020 |
| ശ്രീമതി. ശോഭന പട്ടത്താരി | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ഷാരോൺ ബേസിൽ | മെഡിക്കൽ ഓഫീസർ PHC | 01-04-2019 | 05-10-2019 |
| ഡോ. സോന ബി. നായർ | മെഡിക്കൽ ഓഫീസർ PHC | 06-10-2019 | 07-12-2019 |
| ഡോ. രജിഷ. പി. എം. | മെഡിക്കൽ ഓഫീസർ PHC | 08-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-12-2021) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-12-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 22-10-2021) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 28-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-12-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-12-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-12-2021) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 22-10-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shiju A (Asst. Audit Officer, On 27-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Albert Jose (Senior Grade Auditor, On 27-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-12-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 22-10-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-12-2021) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Jyothish Kumar (Audit Officer (HG), On 27-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-12-2021) | 1-10 |
| 13 | തൊഴിൽ നികുതി അപാകങ്ങൾ.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 1-11 |
| 14 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ - പ്രിന്റർ ഇതുവരെയും ലഭിച്ചിട്ടില്ല.<br>Written By: Jyothish Kumar (Audit Officer (HG), On 25-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 1-12 |
| 15 | തുടർസാക്ഷരത- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭ അംഗീകരിച്ചില്ല. ചെലവ് തുക ₹36450 തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 25-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 1-13 |
| 16 | സമഗ്ര വിദ്യാഭ്യാസം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Albert Jose (Senior Grade Auditor, On 25-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 1-14 |

| | | |
|---|---|---|
| 17 | PHCക്ക് മരുന്നുവാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 25-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-12-2021) | 1-15 |
| 18 | എസ്എസ്എ പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ - രേഖകൾ ഹാജരാക്കാത്തത്<br>Written By: Albert Jose (Senior Grade Auditor, On 27-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 1-16 |
| 19 | തെരുവ് പാലയോട് -പഞ്ചായത്ത് സ്റ്റേഡിയം വയൽ -റോഡ് ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ -വിനിയോഗം കഴിച്ചുള്ള ബാക്കി തുക ₹88123 തിരികെ ഈടാക്കിയില്ല<br>Written By: Albert Jose (Senior Grade Auditor, On 27-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-12-2021) | 1-17 |
| 20 | കന്നുകുട്ടി പരിപാലനം (SLBP) - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Shiju A (Asst. Audit Officer, On 01-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 1-18 |
| 21 | പൊതുമരാമത്ത് പ്രവൃത്തി അപാകങ്ങൾ<br>Written By: Shiju A (Asst. Audit Officer, On 01-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 22-10-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 22-10-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ (ഷെയർ )<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021) | 4-9 |

| | | |
|---|---|---|
| | Last Updated By: Jyothish Kumar (Audit Officer (HG), On 22-10-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 02-11-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 22-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-12-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | RECEIPT AND PAYMENT STATEMENT OF KEEZHALLUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2019 TO 31-3-2020 |
| 4 | INCOME AND EXPENDITURE STATEMENT OF KEEZHALLUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2019 TO 31-3-2020 |
| 5 | BALANCE SHEET OF KEEZHALLUR GRAMA PANCHAYAT AS ON 31-3-2020 |

# ഭാഗം -1

## 1-1 ബജറ്റ്

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2019-20ലെ ബജറ്റ് 28-2-2019 ലെ 17/19-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17806117 |
| വരവ് | 148382000 |
| ആകെ | 166188117 |
| ചെലവ് | 158649378 |
| നീക്കിയിരിപ്പ് | 7538739 |

## 1-1-1 പുതുക്കിയ ബജറ്റ്

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2019-20ലെ പുതുക്കിയ ബജറ്റ് 25-3-2020 ലെ 34/20-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 15266864 |
| വരവ് | 86907524 |
| ആകെ | 102174388 |
| ചെലവ് | 78081816 |
| നീക്കിയിരിപ്പ് | 24092572 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2020 | 11-6-2020 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1. B-11 ഷെഡ്യൂളിന് അനുസൃതമായി ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. B-11 ഷെഡ്യൂളിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ആസ്തിമൂല്യം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

3. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേയിറ്റ്മെന്റിൽ ഡിപ്രീസിയേഷൻ ഷെഡ്യൂൾ (I-17a) ഉൾപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 61315775 |
| വരവ് | 55676749 |
| ആകെ | 116992524 |

| | |
|---|---|
| ചെലവ് | 65071345 |
| നീക്കിയിരിപ്പ് | 51921179 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 36450 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 9183765 | 9183765 | 6980675 | 2203090 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 996000 | 996000 | 671000 | 325000 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 185000 | 185000 | 128000 | 57000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7255789 | 7255789 | 4115608 | 3140181 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 5271000 | 5271000 | 1508212 | 3762788 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 3247000 | 3247000 | 3140028 | 106972 |
| സാക്ഷരത | 20031 | 966 | 20997 | 0 | 20997 |
| തൊഴിലുറപ്പ് പദ്ധതി | 2161 | 34647297 | 34649458 | 34516250 | 133208 |
| ടോട്ടൽ സാനിറ്റേഷൻ | 1068000 | 0 | 1068000 | 268000 | 800000 |
| പൂരക പോഷകാഹാരം | 1040699 | 703100 | 1743799 | 801808 | 941991 |
| ശുചിത്വ മിഷൻ | 1375511 | 460000 | 1835511 | 1317037 | 518474 |
| വിമുക്തി | 11240 | 0 | 11240 | 0 | 11240 |
| പ്രത്യേക ഗ്രാന്റുകൾ | 815875 | 0 | 815875 | 780875 | 35000 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | 19445007 | 86598 | 19531605 | 19412040 | 119565 |

| | | | | | |
|---|---|---|---|---|---|
| കേരളോത്സവം | 20000 | 20000 | 40000 | 40000 | 0 |
| തൊഴിലുറപ്പ് പദ്ധതി 100 തൊഴിൽ ദിനം റിവാർഡ് | 0 | 449000 | 449000 | 449000 | 0 |

2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ% |
|---|---|---|---|---|---|---|
| 158 | 73298975 | 108 | 49709315 | 31 | 50 | 48.73 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 23 | 14 | 5304381 | 2907732 | 54.82 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 1350668 | 507866 | 37.6 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 42 | 46948996 | 34627942 | 73.76 |
| 4 | കൃഷി ഓഫീസർ | 8 | 7 | 2872624 | 1639293 | 57.07 |
| 5 | വി.ഇ.ഒ. കീഴല്ലൂർ | 12 | 9 | 5935946 | 2352404 | 39.63 |
| 6 | എൽ.വി.ഇ.ഒ. എടയന്നൂർ | 2 | 1 | 839562 | 341728 | 40.7 |
| 7 | മെഡിക്കൽ ഓഫീസർ PHC | 6 | 5 | 1455981 | 1203052 | 82.63 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 2 | 531000 | 431000 | 81.17 |
| 9 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 2 | 321300 | 231000 | 71.9 |
| 10 | വെറ്റിനറി സർജൻ | 7 | 6 | 2599851 | 992351 | 38.17 |
| 11 | ഹെഡ് മാസ്റ്റർ | 11 | 9 | 1551828 | 1219652 | 78.59 |
| 12 | ICDS സൂപ്പർവൈസർ | 3 | 3 | 3586838 | 3255295 | 90.76 |
| | ആകെ | 158 | 108 | 73298975 | 49709315 | 67.82 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2161 | 909415 | 911576 | 778368 | 133208 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33737882 | 33737882 | 33737882 | 0 |
| ആകെ | 2161 | 34647297 | 34649458 | 34516250 | 133208 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 8 | 14160 |
| കർഷകതൊഴിലാളി പെൻഷൻ | 504 | 3014400 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 617 | 3598800 |
| വാർദ്ധക്യകാല പെൻഷൻ | 1228 | 7030800 |
| വികലാംഗ പെൻഷൻ | 218 | 1289200 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1530 | 892200 |
| വിവാഹ ധനസഹായം | 1 | 30000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-)൦ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-10-2021 ന് 4.15 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,810 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്.ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും സ്റ്റാഫ് മീറ്റിംഗിൽ മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിക്കാണുന്നില്ല. ഓഫീസ് പ്രവർത്തനങ്ങൾ, നികുതി പിരിവ് അവലോകനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ തുടങ്ങിയ വിഷയങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിലെ പതിനാല് വാർഡുകളിലും നാല് തവണ വീതം ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. പതിനാല് വാർഡുകളിലെയും യോഗങ്ങളിൽ ക്വാറം തികഞ്ഞിട്ടുണ്ട്. ഗ്രാമസഭാ മിനുട്സുകൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഉണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്.

## 1-11 തൊഴിൽ നികുതി അപാകങ്ങൾ.

2019-20 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

1. 2019-20 അർദ്ധവർഷം 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യുകയും മറ്റ് ഓഫീസുകളിലേയ്ക്ക് സ്ഥലം മാറി പോകുകയും ചെയ്ത ജീവനക്കാർ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | ജോലി ചെയ്തിരുന്ന ഓഫീസ് | സ്ഥലം മാറി പോയ തീയതി |
|---|---|---|---|
| 1 | റീന സി (തസ്തിക രേഖപ്പെടുത്തിയി ട്ടില്ല). | ജി വി എച്ച് എസ് എസ്, എടയന്നൂർ. | 24-06-2019 |
| 2 | ഷൈല ജി, സീനിയർ സൂപ്രണ്ട് | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, ചാലോട് | 26-06-2019 |
| 3 | ജയരാജ് എം, സബ് എഞ്ചിനീയർ | “ | 15-07-2019 |
| 4 | ഷിബു കെ എസ്, സബ് എഞ്ചിനീയർ | “ | 15-07-2019 |
| 5 | സന്തോഷൻ എ, | “ | 14-06-2019 |

| | | | |
|---|---|---|---|
| | ലൈൻമാൻ | | |
| 6 | രമേശൻ കെ, ലൈൻമാൻ | " | 20-06-2019 |

സ്ഥലം മാറിപ്പോയ ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന സ്ഥലത്ത് തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ അതിന്റെ രശീതി ഹാജരാക്കുന്നതിനും അല്ലെങ്കിൽ തൊഴിൽനികുതി ഒടുക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/19-20, 20-10-2021). മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ രണ്ട് അർദ്ധവർഷങ്ങളിലും 60 ദിവസത്തിൽ കൂടുതൽ ജോലിചെയ്ത മുഴുവൻ ജീവനക്കാരും തൊഴിൽനികുതി ഒടുക്കിയിട്ടുണ്ട് എന്നുറപ്പ് വരുത്തി വിവരം ലഭ്യമാക്കേണ്ട താണ്.

2. മട്ടന്നൂർ സഹകരണ റൂറൽ ബാങ്ക് എടയന്നൂർ ശാഖയിലെ നൈറ്റ് വാച്ച്മാൻ ശ്രീ. കെ പി സുധീരന്റെ ഒന്നാം അർദ്ധവർഷത്തെ വരുമാനം ₹107863യാണ്. എന്നാൽ ടിയാനിൽ നിന്നും ₹1000 രൂപയ്ക്കു പകരം ₹1250 രൂപയാണ് ഈടാക്കിയിട്ടുള്ളത്. വരുമാനം പരിശോധിക്കാതെ അധികം നികുതി ഈടാക്കിയതിന് കാരണം വിശദീകരിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/19-20, 20-10-2021), സ്ഥാപനമേധാവി ചേർത്തുതന്നത് പ്രകാരമാണ് നികുതി ഈടാക്കിയതെന്നും ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുമെന്നും അധികം ഈടാക്കിയ തുക ആവശ്യപ്പെടുന്ന മുറയ്ക്ക് വ്യക്തിക്ക് തിരികെ നല്കുന്നതുമാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. സ്ഥാപനങ്ങൾ ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുന്ന റിട്ടേണുകൾ അവിടെയും സെക്ഷനിലും സൂക്ഷ്മ പരിശോധന നടത്തുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. സൂക്ഷ്മ പരിശോധന നടത്തി അപാകങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിച്ചതിനു ശേഷം മാത്രം റിട്ടേണുകൾ സ്വീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. കൊതേരി വനിത സഹകരണ സംഘത്തിലെ രണ്ടു ജീവനക്കാരിൽ നിന്നും ആകെ ₹ 2250/- തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്(രശീതി നമ്പർ 106646, 17-03-2020). രജിസ്റ്ററിൽ ഇവരെക്കൂടാതെ രണ്ടുപേരുടെ പേരുകൾ കൂടി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (ഷൈമ കെ വി, കളക്ഷൻ ഏജന്റ്, ഹൈമ ടി - തസ്തിക രേഖപ്പെടുത്തിയിട്ടില്ല) തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട് എന്നാണ് ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടുള്ളത്. ഇവരിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4. താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | തൊഴിൽനികുതി രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 40 | മട്ടന്നൂർ സഹകരണ റൂറൽ ബാങ്ക്, എടയന്നൂർ ശാഖ, ഒന്നാം അർദ്ധവർഷം |
| 2 | 126 | AGILE എയർപോർട്ട് സർവ്വീസസ് പ്രൈ.ലിമി., ഒന്നാം അർദ്ധവർഷം |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവർ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

5. തൊഴിൽനികുതി രജിസ്റ്റർ പൂർണ്ണമല്ല – രജിസ്റ്ററിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇവർക്ക് നികുതി ഒഴിവാണോ, സ്ഥലംമാറി പോയതാണോ എന്ന വിവരങ്ങളൊന്നും ചേർക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഇന്റർഗ്ലോബ് ഏവിയേഷൻ ലിമിറ്റഡ് (ക്രമ നമ്പർ 118) - ആകെ 124 ജീവനക്കാർ. ക്രമ നമ്പർ 2 മുതൽ 7 വരെയും ക്രമ നമ്പർ 24,27,29,41,62,72 ജീവനക്കാരിൽ നിന്ന് ഒന്നാം അർദ്ധവർഷം മാത്രമേ നികുതി ഈടാക്കിയിട്ടുള്ളൂ. രണ്ടാം അർദ്ധവർഷം നികുതി ഈടാക്കുകയോ ഒഴിവാണെങ്കിൽ കാരണം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) മിക്ക സ്ഥാപനങ്ങളുടെയും റിട്ടേണിലും രജിസ്റ്ററിലും ജീവനക്കാരുടെ പേരും നികുതിയും മാത്രമാണ് രേഖപ്പെടുത്തുന്നത് (പ്രധാനമായും എയർപോർട്ടുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ). അർദ്ധവാർഷിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കാത്ത ഈ റിട്ടേണുകളിൽ പരമാവധി തൊഴിൽനികുതി ഒടുക്കുന്നവരുടേതൊഴികെയുള്ളവരുടെ നികുതി കണക്കാക്കിയത് എങ്ങനെയാണെന്ന് വിശദമാക്കപ്പെട്ടിട്ടില്ല.

എയർപോർട്ടിലെ മിക്ക സ്ഥാപനങ്ങളുടെയും റിട്ടേൺ വരുന്നത് ചെന്നൈ, മുംബൈ, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിലുള്ള ഹെഡ് ഓഫീസുകളിൽ നിന്നാണെന്നും പല സ്ഥാപനങ്ങളും നെഫ്റ്റ് വഴിയാണ് അക്കൗണ്ടിലേക്ക് തൊഴിൽനികുതി ഒടുക്കുന്നതെന്നും കോവിഡ് വ്യാപനക്കാലത്ത് പേരിന് ഒന്നോ രണ്ടോ ആളെ മാത്രം നിർത്തി പ്രവർത്തിക്കുകയും എയർപോർട്ടിനുള്ളിലായതിനാൽ സ്വതന്ത്രമായ നേരിട്ടുള്ള പരിശോധനയ്ക്ക് പരിമിതികളുണ്ടെന്നുമാണ് ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/19-20, 20-10-2021) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിയും സ്ഥാപനങ്ങളുടെ ഹെഡ് ഓഫീസുകളുമായി ബന്ധപ്പെട്ട് നികുതിക്ക്

വിധേയരായ ജീവനക്കാരുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ചും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6. എഫ് ടി ഇ & ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2019-20 വർഷത്തെ എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച, ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. (രജിസ്റ്റർ) | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവ നക്കാരുടെ എണ്ണം | ഒടുക്കിയ ലൈസൻസ് ഫീ/ തീയ്യതി |
|---|---|---|---|
| 3 | റെയ്ഡ്കോ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ യൂണിറ്റ് | 9 | 1000/- 106084, 01-02-2019<br>(ഒരു ജീവനക്കാരന്റെ തൊഴിൽനികുതി മാത്രമാണ് ഒടുക്കിയത്). |
| 329 | ചാലോട് ടയേർസ് | 2 | 1000/-,107392, 11-03-2019 |

മേല്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/19-20, 20-10-2021) മറുപടിയായി മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ഒന്നിൽക്കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് നല്കി തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ - പ്രിന്റർ ഇതുവരെയും ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 168/20<br>മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ |
| അടങ്കൽ | ₹56,000 തനത് ഫണ്ട് |
| ചെലവ് തുക | ₹55,320 ചെക്ക് നമ്പർ : 4308307/31-3-2020 |

മേൽ പദ്ധതി പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് ₹55,320 ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ തുക കൈപ്പറ്റിയതിന്റെ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തിരുവനന്തപുരത്തുള്ള ടൈം നെറ്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ 19-3-2021 ലെ TVC/DC/1051 നമ്പർ ഇൻവോയിസ് പ്രകാരം ₹38586 യുടെ Vostro Desktop കമ്പ്യൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രിന്റർ ഇതുവരെയും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 13-10-2021 ലെ 1/19-20നമ്പർ ഓഡിറ്റ് അന്വേഷണത്തിന് പ്രിന്റർ ഇതുവരെയും ലഭിച്ചിട്ടില്ലെന്നും പ്രിന്റർ ലഭിക്കുന്നമുറയ്ക്ക് അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതാണെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. പ്രിന്റർ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി പർച്ചേസ് ബിൽ സഹിതം പരിശോധനക്കായി ഹാജരാക്കേണ്ടതും മറുപടിയിൽ പരാമർശിച്ചതു പ്രകാരമുള്ള അധികം തുകയായ 1898/- രൂപ തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച മേൽ തുക MGNREGS ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-13 തുടർസാക്ഷരത- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭ അംഗീകരിച്ചില്ല. ചെലവ് തുക ₹36450 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 56/20 തുടർ സാക്ഷരത |
| അടങ്കൽ | ₹59,200 വികസന ഫണ്ട്-ജനറൽ |
| ചെലവ് | ₹36450 |
| ബിൽ നമ്പർ / തീയ്യതി | 1922025201020192721/01-02-2020 |

ഗ്രാമ പഞ്ചായത്തിലെ 10ാം തരം, പ്ലസ് ടു (തുല്യത) എന്നീ കോഴ്സുകളിലെ പഠിതാക്കളുടെ കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ് എന്നിവ സാക്ഷരതാ മിഷനിൽ അടയ്ക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തുല്യത പഠനത്തിനായി രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ അറ്റന്റൻസ്, രജിസ്ട്രേഷൻ, ഇവരുടെ പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

3) പദ്ധതിയിലെ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് 18-10-21 ന് നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹36450 തടസ്സപ്പെടുത്തുന്നു. വ്യക്തമായ മറുപടി ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-14 സമഗ്ര വിദ്യാഭ്യാസം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 60/20 സമഗ്ര വിദ്യാഭ്യാസം |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ് | ₹46250 ചെക്ക് നമ്പർ : 20567/30-3-2020 |

01-06-2019 മുതൽ 31-03-2020 വരെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന 9എൽ പി സ്കൂളുകൾക്ക് 4 വീതം ദിനപത്രവും 2 യു പി സ്കൂളുകൾക്ക് 7 വീതം ദിനപത്രവും VI, VII സ്റ്റാൻഡേർഡ് ഉള്ള സ്കൂളുകളിൽ ഒരു ഇംഗ്ലീഷ് ദിനപത്രവും, ഒരു സയൻസ് മാസികയും വിതരണം ചെയ്യുന്നതിനാണ് പദ്ധതി. എന്നാൽ പദ്ധതി ഭാഗികമായി മാത്രമേ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. 9 എൽ പി സ്കൂളുകൾക്ക് 4 വീതം ദിനപത്രവും 2 യു പി സ്കൂളുകൾക്ക് 7 വീതം ദിനപത്രവും വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഇംഗ്ലീഷ് ദിനപ്പത്രവും ശാസ്ത്രമാസികയും നൽകിയിട്ടില്ല. പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച വിലയിരുത്തലുകൾ യഥാവിധി നടന്നിട്ടുള്ളതായും കാണുന്നില്ല. ഇത് സംബന്ധിച്ച് 18-10-2021 ന് നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 PHCക്ക് മരുന്നുവാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

പ്രൊ.നം 17/20 PHCക്ക് മരുന്നുവാങ്ങൽ

| | |
|---|---|
| അടങ്കൽ | 200000 സംരക്ഷണ ഗ്രാന്റ് – റോഡിതരം |
| ചെലവ് | 200000 |
| ബിൽ നം | 119220252007200392969/27-07-2019 |

പ്രസ്തുത പ്രൊജക്ടിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയ പ്രൊഫോമ ഇൻവോയിസ് നം 2422/17-07-2019 പ്രകാരം നൽകിയ ₹200000 യിൽ ₹18448 യുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ആശുപത്രിക്ക് ലഭിച്ചിട്ടുള്ളൂ. മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുന്നതിനായി 23-10-2021 ന്

നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. 181552 രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 എസ്എസ്എ പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ - രേഖകൾ ഹാജരാക്കാത്തത്

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റ് നമ്പർ / പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തിയതി |
|---|---|---|---|---|
| ഹെഡ് മാസ്റ്റർ, GVHSS എടയന്നൂർ | 5/20 എസ്എസ്എ പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ | ₹840008 (വികസന ഫണ്ട് ) | ₹840008 | 19220252010200380474 /24-07-2019 |

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ ഏഡ്യുക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ തീയതി 25.1.18 ഖണ്ഡിക 5.2(2) ലെ നിർദ്ദേശാനുസരണം ഹെഡ് മാസ്റ്റർ, GVHSS എടയന്നൂർ, എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രൊജക്റ്റ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ( IFSC Code: CNRB0001139 A/c No: 1139101070109) 840008.00 രൂപ മേൽ പ്രൊജക്റ്റ് പ്രകാരം കൈമാറിയിട്ടുണ്ട്.

ഈ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല.

1. വിനിയോഗ സാക്ഷ്യ പത്രം.
2. ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂൾ പ്രധാന അധ്യാപകരിൽ നിന്നും, 2019-20 വർഷത്തിൽ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSAനിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ, മറ്റ് നിർമ്മാണ പ്രവർത്തികൾ, വിദ്യാലയങ്ങൾക്ക് ലഭിച്ച ഐ.സി.ടി ഉപകരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ.
3. SSA ജില്ലാ പ്രൊജക്റ്റ് ഓഫീസറിൽ നിന്നും. 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക് / നിർമ്മാണ / പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

ഇത് സംബന്ധിച്ച് 13-10-2021 ന് നൽകിയ 2 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 തെരൂർ പാലയോട് -പഞ്ചായത്ത് സ്റ്റേഡിയം വയൽ -റോഡ് ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ -വിനിയോഗം കഴിച്ചുള്ള ബാക്കി തുക ₹88123 തിരികെ ഈടാക്കിയില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ / തീയ്യതി |
|---|---|---|---|---|
| സെക്രട്ടറി കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് | 54/20 തെരൂർ പാലയോട് -പഞ്ചായത്ത് സ്റ്റേഡിയം വയൽ റോഡ് ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | ₹220000 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ₹220000 | 19220252007000712023 /21-10-2019 |

പദ്ധതി നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 2,20,000/- രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 3/13.10.2021) നൽകിയതിനെ തുടർന്ന് നിർവഹണ ഉദ്യോഗസ്ഥൻ മേൽ പ്രവൃത്തി പൂർത്തീകരിച്ചതായുള്ള കേരള വാട്ടർ അതോറിറ്റിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയായ ₹131877 മാത്രമേ വിനിയോഗിച്ചതായി വ്യക്തമാക്കിയിട്ടുള്ളൂ. ആയതിനാൽ കേരള വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്ത 2,20,000/- രൂപയിൽ നിന്നും വിനിയോഗം കഴിച്ചുള്ള തുകയായ ₹88123 (220000 – 131877) തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 കന്നുകുട്ടി പരിപാലനം (SLBP) - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 20/20 കന്നുകുട്ടി പരിപാലനം (SLBP) |
| അടങ്കൽ തുക | ₹1250000 (വികസന ഫണ്ട് പൊതു വിഭാഗം ₹312500, സംസ്ഥാനാവിഷ്കൃതം ₹312500, ഗുണഭോക്തൃ വിഹിതം ₹625000) |
| ചെലവ് തുക | ₹312500 (വികസന ഫണ്ട് പൊതു വിഭാഗം) |
| ബിൽ നമ്പർ /തീയ്യതി | 684015/15/10/2019 |

2019-20 സാമ്പത്തിക വർഷം 50 ഗുണഭോക്താക്കളെയാണ് കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ ₹312500 ചെലവായിട്ടുണ്ട്. ഈ തുക കൈമാറിയിരിക്കുന്നത് ഡെപ്യൂട്ടി ഡയറക്ടർ (AH) SLBP കണ്ണൂർ എന്ന ഉദ്യോഗസ്ഥനാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറക്ക് പ്രസ്തുത രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 പൊതുമരാമത്ത് പ്രവൃത്തി അപാകങ്ങൾ

വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വളയൽ അക്വഡേറ്റ് മാപ്പിള കുന്ന് വളയൽ വളവ് റോഡ് കോൺക്രീറ്റ്

പ്രോജക്റ്റ് നമ്പർ :125 / 19
പദ്ധതി :വളയൽ അക്വഡേറ്റ് മാപ്പിള കുന്ന് വളയൽ വളവ് റോഡ് കോൺക്രീറ്റ്
എസ്റ്റിമേറ്റ് തുക: 335000 (ധനകാര്യ കമ്മീഷൻ അവാർഡ് – 165550, തനത് ഫണ്ട് – 169450)
ആകെ ചെലവ് : 334377
ചെയിനേജ്: 0/ 312 -0/ 392
എം. ബുക്ക് നം. 34/18-19

പ്രസ്തുത പ്രവൃത്തി 2018- 19 സാമ്പത്തികവർഷം ആസൂത്രണം ചെയ്തു നടപ്പിലാക്കിയതാണ് പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു

1) പ്രസ്തുത പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം സീരിയൽ നമ്പർ രണ്ടായി നൽകിയിരിക്കുന്ന Construction Of Embankment With Material Obtained From Burrow Pits എന്ന ഇനത്തിൽ Chainage 0 /312 മുതൽ 0 /372 വരെ ചെയ്യേണ്ട പ്രവൃത്തി 1x60x2.500x.500=75m3 ആണ് എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എം ബി പേജ് നമ്പർ 3 ഐറ്റംനമ്പർ രണ്ടായി മേൽ ഇനം ചെയ്തിരിക്കുന്നത് 1x60x2.700x.500=81m3 ആണ്. പ്രവൃത്തിയിൽ വ്യത്യാസം വന്നതിന് ഡീവിയേഷൻ റിപ്പോർട്ട്, റിവൈസ്ഡ് എസ്റ്റിമേറ്റ് ഇവയൊന്നുംതന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

പ്രസ്തുത പ്രവൃത്തിയിൽ തനത് ഫണ്ട് വിഭാഗത്തിൽ കൈമാറേണ്ട തുകയായ രൂപ 168827 കൈമാറിയിരിക്കുന്നത് 16/4/ 2019 ലെ ടി എസ് ബീ ചെക്ക് നമ്പർ 1915132 പ്രകാരമാണ്. എന്നാൽ 2019-20 സാമ്പത്തികവർഷത്തെ പദ്ധതികളിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടില്ല.

2) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ചുറ്റുമതിൽ പുനർനിർമ്മാണം

പ്രോജക്റ്റ് നമ്പർ :129 / 19
പദ്ധതി :മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ചുറ്റുമതിൽ പുനർനിർമ്മാണം
എസ്റ്റിമേറ്റ് തുക: 200000 – തനത് ഫണ്ട്
കോൺട്രാക്റ്റ് തുക :196674
Bill No. 0/4/2/19- 185892 ചെക്ക് നം. 1915134/16.4.19
എം. ബുക്ക് നം. – 27/18-19

പഞ്ചായത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ചുറ്റുമതിൽ തകർന്നുവീണത് പുനർനിർമ്മിക്കുന്നത് ആണ് പ്രസ്തുത പദ്ധതി ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1) തകർന്നുവീണ ചുറ്റുമതിലിന് ഭാഗം എന്ത് വസ്തു കൊണ്ട് നിർമ്മിച്ചതാണ് എന്നോ, തകർന്നുവീണ വസ്തുവിന്റെ അളവ് എത്ര എന്നോ, അത് എവിടെ Stackചെയ്തു എന്നോ, Stack ചെയ്ത വസ്തുവിന്റെ അളവ് എത്ര എന്നോ, പ്രസ്തുത വസ്തു പുനർ

വിനിയോഗിക്കുന്നതിന് യോഗ്യമാണോ എന്നോ പ്രസ്തുത പ്രവൃത്തിയുടെ TMBലോ മറ്റു രേഖകളിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇത്തരത്തിലുള്ള വിവരങ്ങൾ രേഖപ്പെടുത്താത്തതിന് കാരണം പ്രസ്തുത വസ്തുവിന്റെ പുനർ വിനിയോഗ സാധ്യതകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) പ്രസ്തുത പ്രവൃത്തിയിൽ തനത് ഫണ്ട് വിഭാഗത്തിൽ കൈമാറേണ്ട തുകയായ രൂപ 182174 കൈമാറിയിരിക്കുന്നത് 16/4/ 2019 ലെ ടി എസ്.ബി ചെക്ക് നമ്പർ 191513 പ്രകാരമാണ്. എന്നാൽ 2019-20 സാമ്പത്തികവർഷത്തെ പദ്ധതികളിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടില്ല

3) എളമ്പാറ ഒന്നാം അംഗൻവാടി പുനരുദ്ധാരണം

പ്രോജക്ട് നമ്പർ : 138/19, 101/20
പദ്ധതി : എളമ്പാറ ഒന്നാം അംഗൻവാടി പുനരുദ്ധാരണം
അടങ്കൽ – 655000 (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്)
ചെലവ് തുക – 584048
Bill No. 62146/28/3/19 -187081
Bill No. 963815/18/12/19- 396967

മേൽ പ്രവൃത്തിയുടെ അപാകതകൾ ചുവടെ ചേർക്കുന്നു.
1) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് എസ്റ്റിമേറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2) മേൽ പ്രവൃത്തിയിൽ കെട്ടിടത്തിന് വാതിൽ ഫ്രെയിം ഉണ്ടാക്കിയിരിക്കുന്നത് 1x2.10x.06=.030$m^3$ എന്ന അളവിലാണ്.
എന്നാൽ Laterite Masonory -Wall എന്ന ഇനത്തിൽ നിന്നും കുറവ് ചെയ്തിരിക്കുന്നത് 1x.21x1.5= .315$m^3$ എന്ന മറ്റൊരു അളവാണ്.
യഥാർത്ഥത്തിൽ കുറവ് ചെയ്യേണ്ടത് 1x2.10x.21=0.441$m^3$ ആണ്
ഇക്കാരണത്താൽ ചുമരിൽ നിന്നും വാതിലിന്റെ അളവ് കുറവ് ചെയ്തതിൽ 0.126$m^3$ (0.441-0.315) ന്റെ വ്യത്യാസമുണ്ട്.
ഇപ്രകാരം വ്യത്യാസം സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. കുറ്റികര പുനരധിവാസ കേന്ദ്രത്തിലേക്ക്( മൂന്നാംഘട്ടം) റോഡ് പുനരുദ്ധാരണവും റീടാറിങ്ങും ഓവുചാൽ നിർമ്മാണവും

പ്രോജക്ട് നമ്പർ : 101/19, 120/ 20
പദ്ധതി :കുറ്റികര പുനരധിവാസ കേന്ദ്രത്തിലേക്ക്( മൂന്നാംഘട്ടം) റോഡ് പുനരുദ്ധാരണവും
റീടാറിങ്ങും ഓവുചാൽ നിർമ്മാണവും
എസ്റ്റിമേറ്റ് തുക: 6700000
ഫണ്ടിനം – 5794933 (മെയിന്റനൻസ് ഫണ്ട് – മറ്റുള്ളവ)
ചെലവ് – 5794933 (മെയിന്റനൻസ് ഫണ്ട് – മറ്റുള്ളവ)
Vr. No. 323/19-20/09/07/19
എം. ബുക്ക് - 63/17,32/17

പ്രസ്തുത പ്രവൃത്തിയിൽ എം ബി 32/ 17 -18 ഇനം നമ്പർ 2 പേജ് നമ്പർ 1 ആയി
Excavation And Cutting In Soil By Manual Means.....983$m^3$ (Price Item No.3.1)

ഇനം
നമ്പർ 2 പേജ് നമ്പർ 5 ആയി Excavation And Cutting In Soil By Manual Means.....684.97$m^3$

ഇനം
നമ്പർ 2 പേജ് നമ്പർ 8 ആയി Excavation And Cutting In Soil By Manual Means.....68.40$m^3$ (Price Item No.3.1) ചെയ്തിട്ടുണ്ട് .
ഇപ്രകാരം ആകെ 1736.37$m^3$ (Limited To 1706.68 M3) Excavation നടത്തിയിട്ടുണ്ട്.

എന്നാൽ ഈ മണ്ണ് എന്തിന് ഉപയോഗിച്ചു എന്നോ എവിടെ Stack ചെയ്തു എന്നോ ഉള്ള വിവരം ലഭ്യമല്ല. കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2019-20 | 12-10-2021 | കെ.എസ്.എ/കെ.എൻ.ആർ/സി10/1258<br>തീയ്യതി - 23-12-2021 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 40000 | 65/20<br>കാർഷിക സ്വയം പര്യാപ്ത ഗ്രാമം-കുരുമുളക് കൃഷി | 40000 | 0 |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 16000 | 66/20<br>സ്വയം പര്യാപ്ത കർഷക ഗ്രാമം - വാഴകൃഷി | 16000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 212500 | 71/20<br>സമഗ്ര നെൽകൃഷി വികസനം | 212500 | 0 |
| 4 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 212500 | 71/20<br>സമഗ്ര നെൽകൃഷി വികസനം | 212500 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 80000 | 23/20 ക്ഷീര കർഷകർക്ക് പാലിന് ഉൽപ്പാദന ബോണസ് | 80000 | 0 |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 200000 | 18/20<br>സമ്പൂർണ്ണ പാലിയേറ്റീവ് ജില്ല - പാലിയേറ്റീവ് പരിചരണ പദ്ധതി | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| 7 | ബ്ലോക്ക് പഞ്ചായത്ത് | 150000 | 53/20 ശാരീരിക മനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 450000 | 125/20 നെരിപ്പോട്ടക്കരി ജൈവ പച്ചക്കറി ക്ലസ്റ്ററിന് ജലസേചനം | 450000 | 0 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 500000 | 79/20 എളമ്പാറ 2 അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 500000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 50/20 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 19220252007004048005-9-2019 | 1139372 | 1139372 | പൂർത്തീകരിച്ചു | 0 |
| കേരള വാട്ടർ അതോറിറ്റി | 54/20 തെരൂർ പാലയോട് പഞ്ചായത്ത് സ്റ്റേഡിയം വയൽ റോഡ് ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | 1922025200700071202323-10-2019 | 220000 | 131877 | പൂർത്തീകരിച്ചു | 88123 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 110/20 വെള്ളിയാം പറമ്പ് സ്കൂൾ മുതൽ ക്ഷേത്ര ഭാഗം വരെ സ്ട്രീറ്റ് ലൈൻ വലിക്കൽ | 1922025200700040480317-8-2019 | 18940 | 18940 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ (ഷെയർ )

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം ( ഷെയർ ) | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം ( ഷെയർ ) | 20000 |

| നിക്ഷേപത്തിന്റെ വിവരം | | |
|---|---|---|
| സ്ഥാപനം | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | തുക |
| മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ | 174/2-7-2006 | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹15,220 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2010-11 | 3-18 | 700 | പി.പി. പുരുഷോത്തമൻ | 119040100430/15-5-2019 |
| 2017-18 | 2-3 | 450 | സി. ശ്രീനിവാസൻ | 11904010100694/6-6-2019 |
| 2017-18 | 2-3 | 350 | അഷറഫ്. എം.കെ. | 11904010100695/6-6-2019 |
| 2017-18 | 2-3 | 450 | ഷീല. ആർ | 11904010100703/6-6-2019 |
| 2017-18 | 2-3 | 500 | എൽ & ടി കൺസ്ട്രക്ഷൻ കിയാൽ | 11904010100708/6-6-2019 |
| 2007-08 | 2-6(2) | 240 | AE KSEB ചാലോട് | 11904010101377/29-7-2019 |
| 2011-12 | 3-7 | 1840 | പി.പി. പുരുഷോത്തമൻ | 11904010101760/4-9-2019 |
| 2013-14 2014-15 | 2-2(3) | 1000 | സാജൻ. ബി. എസ്. | 119040900004/24-12-2019 |
| 2013-14 2014-15 | 2-2(3) | 1000 | ടി. സി. സാജു | 119040105440/6-1-2020 |
| 2015-16 | 3-8 | 7950 | ടി.എം. ദിലീപ് കുമാർ | 119040100051/9-4-2019 |
| 2006-07 | 2-5 | 240 | മാവേലി സ്റ്റോർ, ചാലോട് | 11904010100395/14-5-2019 |
| 2009-10 | 3-1 | 500 | എം. നാരായണൻ | 119040100396/14-5-2019 |
| ആകെ | | 15220 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-9 | 2002-03 | 13.2 | ജനകീയാസൂത്രണപദ്ധതി - ചെലവുകൾ ഹാജരാക്കിയിട്ടില്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 10 | 2003-04 | 3.13.17 | പ്രോജക്ട് നമ്പർ 2 എൽപി വിഭാഗം പഠന കേന്ദ്രം പ്രോജക്ട് തുടങ്ങുന്നതിനുമുമ്പേ ചെലവഴിച്ചു | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 14 | 2003-04 | 3.13.17 | ഗ്രാമീണ വൈദ്യുതീകരണം തുക നൽകിയതിലെ അപാകങ്ങൾ | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2013-14<br>2014-15 | 2-2 | 2016-17 | 2.2(3) | തൊഴിൽ നികുതി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2013-14<br>2014-15 | 2-2 | 2016-17 | 2.2(4) | തൊഴിൽ നികുതി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 1999-00 | 25 | 2004-05 | 3-13-3(1) | വീട് അറ്റകുറ്റപ്പണി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 7 | 2004-05 | 3-13-3(2) | പൂർത്തിയാക്കിയ വേലക്ക് വീണ്ടും ചെലവ് | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 15 | 2004-05 | 3-13-3(3) | പ്രിന്റിംഗ് പ്രസ്സ് നിർവ്വഹണ രേഖയില്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 7 | 2003-04 | 3-13-16 | മരാമത്ത് പ്രവൃത്തിക്ക് അധിക തുക നൽകി | നിയമസഭ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2000-01 | 2-6 | 2005-06 | 2-88(2) | ടാർ വാങ്ങുന്നതിന് പിൻവലിച്ച തുകയുടെ വിവരങ്ങൾ ഇല്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 55676749 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 65071345 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 36450 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർച്ചാർജ്ജ് ചെയ്യാവുന്നത് | |
| 21-(III) | - | 682 | ധർമ്മരാജൻ പി, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-13 | 36450 | ശ്രീ. ശ്രീകുമാർ. ജി, ഹെഡ് മാസ്റ്റർ, ജി.വി.എച്ച്.എസ്.എസ് എടയന്നൂർ |
| ആകെ | 36450 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനു ം തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| നഷ്ടത്തിന് ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ശ്രീകുമാർ. ജി, ഹെഡ് മാസ്റ്റർ, | ഹെഡ് മാസ്റ്റർ, | ശ്രീഹർഷം |

| | | | |
|---|---|---|---|
| | ജി.വി.എച്ച്.എസ്.എസ് എടയന്നൂർ | ജി.വി.എച്ച്.എസ്.എസ് എടയന്നൂർ | പി.ഒ – ചാവശ്ശേരി<br>കണ്ണൂർ, 670702 |
| | ശ്രീ. ധർമ്മരാജൻ പി, അസി. എഞ്ചിനീയർ | വിവരം ലഭ്യമല്ല | ചന്ദ്രോത്ത് ഹൗസ്,<br>പാനേരിച്ചാൽ, പി.ഒ. ഇരിവേരി, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 പദ്ധതിവിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 1 |
| 1999-2000 പദ്ധതിവിഹിതം ഒഴികെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 1999-20 പദ്ധതിവിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 2000-01 പദ്ധതിവിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 2000-01 പദ്ധതിവിഹിതം ഒഴികെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 2000-01 വരവ് | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 3 |
| 2001-02 പദ്ധതിവിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 1 |
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 6 |
| 2003-04 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 12 |

| | | |
|---|---|---|
| 2004-05 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 7 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 19 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 1 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 3 |
| 2009-10 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 3 |
| 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 5 |
| 2011-12 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 3 |
| 2013-14<br>2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 1 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 6 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/1154/19 തീയതി 31-10-19 | 9 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/205/20 തീയതി 15-6-20 | 27 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

# RECEIPT AND PAYMENT STATEMENT OF KEEZHALLUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2019 TO 31-3-2020

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 61271982<br>43793 |
| | Receipts | | |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2562060 |
| 140000000 | Fees & User Charges | RP-4 | 569167 |
| 150000000 | Sale & Hire Charges | RP-5 | 164185 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 26525891 |
| 171000000 | Interest Earned | RP-9 | 1970197 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3559245 |
| 350000000 | Other Liabilities | RP-36 | 1368750 |
| | Non operating | | |
| 180000000 | Other Income | RP-10 | 2460 |
| 311000000 | Earmarked Fund | RP-29 | 4248 |
| 340000000 | Deposits Received | RP-34 | 440470 |
| 350000000 | Other Liabilities | RP-36 | 1049541 |
| 412000000 | Capital Work in Progress | RP-40 | |
| 431000000 | Sundry Debtors (Receivables) | RP-43 | 17454535 |
| 460000000 | Loans, Advances and Deposits | RP-47 | 6000 |

| | | | |
|---|---|---|---|
| Grand Total | | | 116992524 |
| Payments | | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2606084 |
| 220000000 | Administrative Expenses | RP-12 | 1166743 |
| 230000000 | Operations & Maintenance | RP-13 | 2014517 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2914882 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 8094844 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 14890933 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 100573 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 493160 |
| 255000000 | Maintance Projects | RP-20 | 3545234 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 63000 |
| 280000000 | Prior Period Item | RP-26 | -29067 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3655 |
| 350000000 | Othes Liabilities | RP-36 | 19847121 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2516 |
| 280000000 | Prior Period Item | RP-26 | -53010 |
| 340000000 | Deposits Received | RP-34 | 51237 |
| 350000000 | Other Liabilities | RP-36 | 3871259 |
| 410000000 | Fixed Assets | RP-38 | 827684 |
| 412000000 | Capital Work in Progress | RP-40 | 3594435 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 1065545 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 51901838<br>19341 |
| Grand Total | | | 116992524 |

4

## INCOME AND EXPENDITURE STATEMENT OF KEEZHALLUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2019 TO 31-3-2020

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 19331876 |
| 130000000 | Rental Income from Panchayat Properties | I-3 | 918501 |
| 140000000 | Fees & User Charges | I-4(b) | 1468267 |
| 150000000 | Sale & Hire Charges | I-5(b) | 195839 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 100696222 |
| 171000000 | Interest Earned | I-8 | 1970197 |
| 180000000 | Other Income | I-9 | 2460 |
| A | Total Income | | 124583362 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9875793 |
| 220000000 | Administrative Expenses | I-11(b) | 1166743 |
| 230000000 | Operations & Maintenance | I-12(b) | 2016556 |
| 240000000 | Interest & Finance Charges | I-13 | 2516 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | I-14 | 3390393 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 36365333 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 27516080 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 100573 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 16318560 |
| 255000000 | Maintance Projects | I-14(e) | 3545234 |
| 260000000 | Grants, Contributions &Compensations from Own Fund | I-15 | 63000 |
| 270000000 | Provisions and Write off | I-16 | 1744 |
| B | Total Expenditure | | 100362525 |
| C=A-B | Gross Surplus / Defict Income over Expenditure | | 24220837 |
| D= 280000000 | Prior Period Item | I-18 | 2865013 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 21355824 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## 5

## BALANCE SHEET OF KEEZHALLUR GRAMA PANCHAYAT AS ON 31-3-2020

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 47326075 |
| 311000000 | Earmarked Funds | B-2 | 112998 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 43663525 |
| | Total Reserve & Surplus | | 91102598 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 3378610 |
| | Total Grants,Contribution for specific purposes | | 3378610 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | 0 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 4871815 |
| 341000000 | Deposit Works | B-8 | 232 |
| 350000000 | Other Liabilities | B-9 | 3033212 |
| | Total Current Liabilities and Provisions | | 7905259 |
| | TOTAL LIABILITIES | | 102386467 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 65326512 |
| 411000000 | Accumulated Depreciation | B-11 | -16269829 |
| 412000000 | Capital Work In Progress | B-11(a) | 170271 |
| | Total Fixed Assets | | 49226954 |
| | Investments | | |
| 420000000 | Investments | B-12 | 20000 |
| | Total Investments | | 20000 |

| | | | |
|---|---|---|---|
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 227222 |
| 450000000 | Cash and Bank balance | B-17 | 51921179 |
| 460000000 | Loans, Advances and Deposits | B-18 | 991112 |
| | Total Current Assets,Loans and Advances | | 53139513 |
| | TOTAL ASSETS | | 102386467 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ